**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4601** **29-10-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങാട് കായലിലെ മണ്ണും എക്കലും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതലുള്ള പ്രളയവും പ്രകൃതിക്ഷോഭവും മൂലം മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും നിറഞ്ഞ് കായലിന്റെ സംഭരണശേഷി കുറഞ്ഞിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനും വലയിടാനും പ്രയാസം നേരിടുന്നതായും മത്സ്യസമ്പത്ത് നശിക്കുന്നതായുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ വേലിയിറക്ക സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനും വലയിടാനും സാധിക്കാത്ത സ്ഥിതി ഉണ്ടാകാറുണ്ട്. പെരിങ്ങാട് പുഴയിൽ അടിഞ്ഞു കൂടിയ മണ്ണിന്റെ അളവ് കെ.ഇ.ആർ.ഐ പീച്ചി മുഖേന സർവ്വേ നടത്തി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ഡി. എസ്. ആർ. 2016 പ്രകാരം തയ്യാറാക്കിയിരുന്നു. എന്നാൽ ഡി. എസ്. ആർ. 2018 നിലവിൽ വന്ന സാഹചര്യത്തിൽ അതിൻ പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയാലുടൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത കായലിൽ അടിഞ്ഞുകൂടിയ മണ്ണും, എക്കലും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും അടിഞ്ഞുകൂടിയത് നീക്കം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. എന്നാൽ വേമ്പനാട്ട് കായലിലെ മണ്ണ്, എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആയതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുമായി 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തുകയും 2020-21 സാമ്പത്തിക വർഷത്തിൽ 5731721/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ വേമ്പനാട് കായൽ ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. കായൽ സംരക്ഷിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും ഉതകുന്ന ജനകീയ ക്യാംപയിൻ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വേമ്പനാട് കായൽ പ്രദേശമുൾപ്പെടുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എം.പി.മാർ, എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, ഫിഷറീസ്, ജലസേചനം, തദ്ദേശസ്വയംഭരണ സ്ഥാപനം, കൃഷി തുടങ്ങിയ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരെ ഉൾപ്പെടുത്തി 03.07.2021 ൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. വേമ്പനാട് കായൽ ശുചീകരണത്തിനും സംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോട്ടു കൂടി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനകീയ സമിതികൾ രൂപീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് MGNREGS അംഗങ്ങൾ, ഹരിതകേരളം, കക്കാത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. വേമ്പനാട് കായൽ സംരക്ഷണത്തിനായി ജനകീയ ക്യാംപയിനുകൾ സംഘടിപ്പിക്കുന്നതിനും ബ്ലോക്ക്/ നിയോജക മണ്ഡലങ്ങൾ അടിസ്ഥാനമാക്കി പ്രദേശത്തെ എം.പി മാർ, എം.എൽ.എ.മാർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ കോർഡിനേഷൻ കമ്മിറ്റികൾ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുന്നതാണ്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ഒരുമിച്ച് വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും അടിഞ്ഞുകൂടിയത് നീക്കം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. എന്നാൽ വേമ്പനാട്ട് കായലിലെ മണ്ണ്, എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആയതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനുമായി 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തുകയും 2020-21 |

| | | | | |
|---|---|---|---|---|
| | | | | സാമ്പത്തിക വർഷത്തിൽ 5731721/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ വേമ്പനാട് കായൽ ഉൾപ്പെടുന്ന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. കായൽ സംരക്ഷിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും ഉതകുന്ന ജനകീയ ക്യാംപയിൻ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വേമ്പനാട് കായൽ പ്രദേശമുൾപ്പെടുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എം.പി.മാർ, എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, ഫിഷറീസ്, ജലസേചനം, തദ്ദേശസ്വയംഭരണ സ്ഥാപനം, കൃഷി തുടങ്ങിയ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരെ ഉൾപ്പെടുത്തി 03.07.2021 ൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. വേമ്പനാട് കായൽ ശുചീകരണത്തിനും സംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടു കൂടി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനകീയ സമിതികൾ രൂപീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് MGNREGS അംഗങ്ങൾ, ഹരിതകേരളം, കക്കാത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. വേമ്പനാട് കായൽ സംരക്ഷണത്തിനായി ജനകീയ ക്യാംപയിനുകൾ സംഘടിപ്പിക്കുന്നതിനും ബ്ലോക്ക്/ നിയോജക മണ്ഡലങ്ങൾ അടിസ്ഥാനമാക്കി പ്രദേശത്തെ എം.പി മാർ, എം.എൽ.എ.മാർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ കോർഡിനേഷൻ കമ്മിറ്റികൾ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കുന്നതാണ്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ഒരുമിച്ച് വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ